"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3/753/2012/സിഇ/തസ്വഭവ

തീയതി : 18.09.2017

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് (സാങ്കേതിക വിഭാഗം) മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- 13.09.2017 - ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ നൽകിയ നിർദ്ദേശം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളിൽ ഭൂരിഭാഗം പൊതുമരാമത്ത് പ്രവൃത്തികളും വളരെ സുതാര്യമായി ഇ- ടെണ്ടർ / മാന്വൽ ടെണ്ടർ മുഖാന്തിരമാണ് നടപ്പാക്കുന്നത്. ഇപ്രകാരം സുതാര്യത ഉറപ്പുവരുത്തി നടപ്പിലാക്കുന്നതിനാൽ പല പ്രവൃത്തികളിലും ധാരാളം ടെണ്ടർ സേവിംഗ്സ് ലഭിക്കുന്നുണ്ട്. ടി ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വിവരങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് സൂചന യോഗത്തിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ, ഈ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ എഞ്ചിനീയറിംഗ് വിഭാഗം കാര്യാലയങ്ങളിലും 2017 - 18 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതം വിനിയോഗിച്ച് ഇതിനോടൊപ്പം നടപ്പിലാക്കിത്തുടങ്ങിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വിവരങ്ങൾ 23.09.2017 - ന് മുൻപായി ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.celsgd.com – ലെ "Proforma Page" – ൽ പ്രസിദ്ധീകരിച്ചിട്ടുള്ള Proforma for submitting details of Tender Savings എന്ന ലിങ്കിൽ നൽകിയിട്ടുള്ള ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

അടുത്ത കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ടി വിവരങ്ങൾ ലഭ്യമാക്കേണ്ടതിനാൽ എല്ലാ എഞ്ചിനീയറിംഗ് വിഭാഗം മേധാവികളും മേൽകാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളിലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വിവരങ്ങൾ അതാത് ബ്ലോക്ക് പഞ്ചായത്തുകൾ ശേഖരിച്ച് ടി പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്. തുടർന്ന് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർസേവിങ്സ് വിവരങ്ങളും അതാത് സമയങ്ങളിൽ ടി ഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

**Link to Proforma for submitting details of Tender savings**
**- Corporation, DPs, BPs, GPs**

**Link to Proforma for submitting details of Tender savings**
**- Municipalities**